LIBRARY ARCHIVES Kerala Legislative Assembly

ഫാർമസി ജീവനക്കാരുടെ ജോലിയും ചുമതലകളും

223 (4948) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യവകുപ്പിലെ ഫാർമസി വിഭാഗം ജീവനക്കാരുടെ ജോലിയും ചുമതലകളും പുനർ നിർണ്ണയിക്കുന്നതിനുവേണ്ടിയുള്ള ഫയലിൽ അന്തിമ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ആരോഗ്യവകുപ്പിലെ ഫാർമസി വിഭാഗം ജീവനക്കാരുടെ ജോലിയും ചുമതലകളും പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

ആശാ വർക്കർമാരുടെ ഓണറേറിയം

224 (4949) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19 മുന്നണി പോരാളികളായ ആശാവർക്കർമാർക്ക് ഇപ്പോൾ എത്ര രൂപയാണ് ഓണറേറിയമായി നൽകുന്നതെന്നും എന്നുമുതൽ ഇത് നൽകുന്നുവന്നും വ്യക്തമാക്കാമോ?

2021 ഏപ്രിൽ മാസം മുതൽ 6,000 രൂപ ഓണറേറിയം ആശാ പ്രവർത്തകർക്ക് നൽകിവരുന്നുണ്ട്.

(ബി) മേയ്, ജൂൺ മാസങ്ങളിലെ ഓണറേറിയം ഇപ്പോഴും വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ?

ആശാ പ്രവർത്തകർക്ക് 2021 ജൂൺ വരെയുള്ള പ്രതിമാസ ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇവർക്ക് ഓണറേറിയത്തിന് പുറമേ മറ്റ് എന്തൊക്കെ അലവൻസുകളാണ് നൽകിവരുന്നത്?

ആശാ പ്രവർത്തകർക്ക് ഓണറേറിയത്തിന് പുറമേ 2,000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവും 1,000 രൂപ കോവിഡ് ഇൻസെന്റീവും കൂടാതെ വിവിധ ആരോഗ്യ അനുബന്ധ പദ്ധതികളിൽനിന്നും ജനറൽ ഇൻസെന്റീവുകളും നൽകി വരുന്നു.

(ഡി) കോവിഡ് ഇൻസെന്റീവ്, ഫിക്സ്ഡ് ഇൻസെന്റീവ് തുടങ്ങിയവ കോവിഡ് കാലം മുതൽ തന്നെ കുടിശ്ശിക വരാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കാമോ ;